**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 515** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ വൈദ്യുതി സബ് സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ അത് എവിടെയാണെന്നും അതിന്റെ പ്രവൃത്തി ഏതു ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മണ്ഡലത്തിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും മെച്ചപ്പെട്ട ഗുണനിലവാരമുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി 33 kV നീലേശ്വരം സബ്സ്റ്റേഷൻ 110 kV വോൾട്ടേജിലേക്ക് ഉയർത്തുന്ന പ്രവൃത്തി നടന്നു വരുന്നു. കൂടാതെ 110 kV വെള്ളരിക്കുണ്ട്, 33 kV ചിത്താരി, പടന്നക്കാട്, 33kV ബേളൂർ സബ്സ്റ്റേഷന്റെ ശേഷി 110 kV-യിലേക്ക് ഉയർത്തൽ തുടങ്ങിയ പ്രൊപ്പോസലുകളുടെയും സാധ്യതാ പഠനങ്ങൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**